മലങ്കര ശ്ലീഹായുടെ സിംഹാസനത്തിന്റെ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്തായിൽ നിന്നും

സർക്കുലർ നമ്പർ : 192

*നമ്മുടെ സഭയിലെ തിരുമേനിമാർക്കും, വികാരി ജനറാളന്മാർക്കും, വികാരി അച്ചന്മാർക്കും, മറ്റ് പട്ടക്കാർക്കും, ഇടവക ചുമതലക്കാർക്കും, വിശ്വാസികളായ ജനങ്ങൾക്കും കർത്താവിന്റെ വാഴ്‌വുകൾ*

കർത്താവിൽ പ്രിയരെ,

നമ്മുടെ പട്ടക്കാരുടെ സ്ഥലമാറ്റ സമയത്ത് അവരുടെ യാത്രച്ചെലവു സംബന്ധിച്ച് ചില നിബന്ധനകൾ 13.03.2007 -ൽ കൂടിയ സഭാ കൗൺസിൽ നിശ്ചയിച്ചത് അറിയിക്കുന്നു. ഓരോ ഇടവകയും ഇതിൻപ്രകാരം പ്രവർത്തിക്കേണ്ടതാണെന്ന് ഉദ്ബോധിപ്പിക്കുന്നു.

1. പട്ടക്കാരന്റെയും കുടുംബാംഗങ്ങളുടെയും (ഭാര്യ, മക്കൾ, സ്ഥിരമായി പാഴ്സനേജിൽ കൂടെ താമസിക്കുന്ന മാതാപിതാക്കൾ) യാത്രച്ചെലവും, വീട്ടുപകരണങ്ങൾ, പുസ്തകങ്ങൾ മുതലായവ സ്ഥലം മാറ്റം ലഭിച്ച സ്ഥലത്തേക്ക് എത്തിക്കുന്നതിനുള്ള ചെലവും ഉൾപ്പെടെ 200 കിലോമീറ്റർ വരെയുള്ള ചെലവ് പട്ടക്കാരൻ സേവനം ചെയ്ത ഇടവക / സ്ഥാപനം വഹിക്കേണ്ടതാണ്. അതിൽ കൂടുതൽ ദൂരം ഉണ്ടായിരുന്നാൽ അതിന്റെ ചെലവ് ബന്ധപ്പെട്ട ഇടവക / സ്ഥാപനം വഹിക്കുന്നില്ലെങ്കിൽ യഥാർത്ഥ ടിക്കറ്റോ, രസീതോ, തത്തുല്യമായ രേഖകളോ ഹാജരാക്കുമ്പോൾ സഭാ ആഫീസിൽ നിന്നും അച്ചന് ലഭിക്കുന്നതാണ്.
2. പട്ടക്കാരന്റെയും കുടുംബത്തിന്റെയും യാത്ര ബസ്സിൽ ആണെങ്കിൽ, അവർക്ക് ഓരോരുത്തർക്കും ബസ്സ് ചാർജ്ജിന്റെ ഇരട്ടി യാത്രചെലവായി നൽകേണ്ടതാണ്. 100% കൂടുതൽ നൽകുന്നത് യാത്രയിലെ ഭക്ഷണം, പോർട്ടർ ചാർജ്ജ് മുതലായ ചെലവുകൾക്കാണ്. യാത്ര ട്രെയിനിൽ ആണെങ്കിൽ, അവർക്ക് ഓരോരുത്തർക്കും AC 3 Tier ടിക്കറ്റ് ചാർജും അതിന്റെ 20% വും ചേർത്തുള്ള തുക യാത്രചെലവായി നൽകേണ്ടതാണ്. 20% കൂടുതൽ നൽകുന്നത് യാത്രയിലെ ഭക്ഷണം, പോർട്ടർ ചാർജ്ജ് മുതലായ ചെലവുകൾക്കാണ്.
3. കൂടെ കൊണ്ടുപോകാവുന്നവ (Accompanied Luggage) അല്ലാതെ കൂടുതൽ സാധനങ്ങൾ ഉള്ളവർക്ക് റെയിൽവേ പാർസൽ സർവീസിലൂടെയോ, മറ്റ് ഏതെങ്കിലും പാർസൽ സർവീസിലൂടെയോ സാധനങ്ങൾ അയച്ചാൽ അതിന് ചെലവായ തുക ബിൽ ഹാജരാക്കി വാങ്ങാവുന്നതാണ്.
4. ഇരുചക്രവാഹനങ്ങൾ Luggage -ന്റെ കൂടെ മേൽപറഞ്ഞ പ്രകാരം അയയ്ക്കാവുന്നതാണ്. അതിന് ചെലവായ തുക ബിൽ ഹാജരാക്കി വാങ്ങാവുന്നതാണ്.
5. നാല് ചക്രവാഹനങ്ങൾ (four wheelers) പാർസൽ സർവീസിലൂടെ അയച്ചാൽ അതിനുള്ള ചെലവ് ലഭിക്കുന്നതല്ല. എന്നാൽ ആ വാഹനത്തിൽ പുതിയ സ്ഥാനത്തേക്ക് യാത്ര ചെയ്യുകയാണെങ്കിൽ 2 -ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന തുക അവകാശപ്പെടാവുന്നതാണ്.
6. പുതുതായി ചുമതലകളിൽ പ്രവേശിക്കുന്ന പട്ടക്കാർക്കും ടി യാത്രചെലവ് അവകാശപ്പെടാവുന്നതാണ്. അവർക്ക് 200 കിലോമീറ്റർ നിബന്ധന ബാധകമല്ല
7. സ്ഥലംമാറ്റ തീയതി മുതൽ 60 ദിവസത്തിനകം ബില്ലുകൾ ആഫീസിൽ ലഭിക്കേണ്ടതാണ്.
8. സഭയുടെ പ്രസ്തുത ഫണ്ടിൽ നിന്നും യാത്രച്ചെലവ് ആവശ്യപ്പെടുന്നവർ ഇടവകകളിൽ / സ്ഥാപനങ്ങളിൽ നിന്നും യാത്രച്ചെലവ് ലഭിച്ചിട്ടില്ല എന്ന് രേഖാമൂലം അറിയിക്കേണ്ടതാണ്. യാത്രച്ചെലവ് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും അറിയിക്കേണ്ടതാണ്.
9. ഈ വ്യവസ്ഥകൾ ഇന്ത്യയ്ക്കുള്ളിലെ സ്ഥലംമാറ്റങ്ങൾക്കു മാത്രമേ ബാധകമായിരിക്കുകയുള്ളു.
10. മേൽപറഞ്ഞ വ്യവസ്ഥകൾക്കു വിപരീതമല്ലാതെ ഉചിതമായ തീരുമാനങ്ങൾ എടുക്കാൻ മെത്രാപോലീത്താ തിരുമേനിയുടെ അനുമതിയോടെ സഭാ സെക്രട്ടറിക്ക് അവകാശമുണ്ടായിരിക്കും.
11. യാത്രച്ചെലവ് സംബന്ധിച്ച് സഭ നൽകേണ്ട വിഹിതം കൊടുക്കുന്നതിന് വേണ്ടി ഒരു ഫണ്ട് സഭാ ആഫീസിൽ രൂപീകരിച്ചിട്ടുണ്ട്. ഈ ഫണ്ടിലേക്ക് എല്ലാ ഇടവകകളും വികാരിയുടെ ഒരു മാസത്തെ അടിസ്ഥാന ശമ്പളത്തിന്റെ 15% സഭാ ആഫീസിൽ എല്ലാ വർഷവും അടയ്ക്കേണ്ടതാണ്.

നമ്മുടെ പട്ടക്കാരുടെ സേവനം ഇടവകകൾക്ക് കൂടുതൽ അനുഗ്രഹമായി തീരുന്നതിനും അവരുടെ സേവനങ്ങളെ കൂടുതൽ അംഗീകരിക്കുന്നതിനും ഇത് മുഖാന്തിരമാകുമെന്ന് വിശ്വസിക്കുന്നു.

2007 മാർച്ച് 26-ാം തീയതി തിരുവല്ല പുലാത്തീനിൽ നിന്നും

P Chrysostom +

ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്ത.